എല്ലാ വാഗ്ദാനങ്ങളും സർക്കാർ നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരും സുപ്രീംകോടതിയും അംഗീകരിച്ച വാസയോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആറളം ഫാമിംഗ് കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു കഴിഞ്ഞു. ടി.ആർ.ഡി.എം.-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വകുപ്പ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ആദിവാസി ഭൂരിപക്ഷമുള്ള മേഖലകളെ ഷെഡ്യൂൾഡ് മേഖലകളായി പ്രഖ്യാപിക്കുന്ന (പെസ) നിയമം നടപ്പാക്കുന്നതിനാവശ്യമായ റിപ്പോർട്ട് 7-4-2015-ൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുമാണ്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് പരമ്പരാഗത കൃഷിരീതി നടപ്പിലാക്കുന്നതിന് വകുപ്പ് 18 ലക്ഷം രൂപ കുടുംബശ്രീക്ക് നൽകി ഇതിനാവശ്യമായ വിത്തിനങ്ങൾ വാങ്ങുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുത്തങ്ങ സമരത്തിൽ കുടിയിറക്കപ്പെട്ട 447 ആദിവാസി കുടുംബങ്ങൾക്ക് പുനരധിവാസത്തിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. സമരത്തിൽ അറസ്റ്റു ചെയ്യപ്പെട്ട 44 കുട്ടികളിൽ അർഹരായ 43 കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച് അവരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആദിവാസികളുടെ പുനരധിവാസ പദ്ധതിക്കായി അനുവദിച്ച ജില്ലാ കളക്ടർ ഫണ്ട് ഉപയോഗിച്ച് 107.6 ഏക്കർ ഭൂമി കണ്ടെത്തി നെഗോസിയേഷൻ നടത്തി മറ്റെല്ലാ നടപടിക്രമങ്ങളും പാലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് നടപടികൾ പൂർത്തിയാക്കിവരുന്നു. ആറളം ഫാമിലെ പൈനാപ്പിൾ കൃഷിയുടെ പാട്ടക്കാലാവധി പുതുക്കി നൽകേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. വനാവകാശ നിയമപ്രകാരമുള്ള കൈവശ രേഖകൾ നൽകുന്ന നടപടി പൂർത്തീകരണ ഘട്ടത്തിലാണ്. ആയതിനാൽ ഇത്തരം കാര്യങ്ങൾ വിവിധഘട്ടങ്ങളിലായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയിൽ പുതിയ പദ്ധതികൾ

26(*206) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയിൽ പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) ഉണ്ട്.

1. കേപ്പിന്റെ ആഭിമുഖ്യത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികളെടുത്തു.
2. നിലവിലുള്ള നാല് എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിച്ചു.
3. കേപ്പിന്റെ അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളിൽ TEQIP നടപ്പിലാക്കി.
4. കേപ്പിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (QIP) നടപ്പിലാക്കി.
5. നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു
6. എഞ്ചിനീയറിംഗ് കോളേജുകൾക്ക് NBA അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു

(ബി) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിപ്പിക്കുക, എഞ്ചിനീയറിംഗ് മേഖലയിലെ ഉപരിപഠനത്തിനുള്ള കുറവ് പരിഹരിക്കുക, ലബോറട്ടറി, ലൈബ്രറി മുതലായവ നവീകരിക്കുകയും അദ്ധ്യാപകരുടെ നൈപുണ്യം വർദ്ധിപ്പിക്കുകയും ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവാരം ഉയർത്തുക, കേപ്പിന്റെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികൾക്കാവശ്യമായ ഹോസ്റ്റലുകൾ, ഓഡിറ്റോറിയം മുതലായവ ഘട്ടംഘട്ടമായി നിർമ്മിക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ 2014-15 അധ്യയന വർഷത്തിൽ കേപ്പിന്റെ പുതിയ എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 2016-17 അധ്യയന വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ പുതിയ എഞ്ചിനീയറിംഗ് കോജേളിന്റെ നിർമ്മാണം ആരംഭിച്ചു.

2. കേപ്പിന് കീഴിലുള്ള പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ&ഇൻഫർമേഷൻ സയൻസിലും കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസിലും ഇലക്ട്രോണിക് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിലും തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക് & കമ്മ്യൂണിക്കേഷനിലും മെക്കാനിക്കൽ എഞ്ചിനീയറിംഗിലും പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസിലും മെക്കാനിക്കൽ എഞ്ചിനീയറിംഗിലും പി.ജി. കോഴ്സുകൾ ആരംഭിച്ചു.

3. കേപ്പിന് കീഴിലുള്ള പെരുമൺ, കിടങ്ങൂർ, വടകര, തലശ്ശേരി, തുക്കരിപ്പൂർ എന്നിവിടങ്ങളിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ TEQIP Phase II യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കേണ്ട കാലാവധി 2010-2015 ആണ്. ഈ കാലയളവിൽ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി വ്യവസ്ഥകൾക്ക് വിധേയമായി ഘട്ടംഘട്ടമായി പരമാവധി 10 കോടി രൂപവരെ സ്ഥാപനത്തിന് ഗ്രാന്റായി ലഭ്യമാക്കിയിട്ടുണ്ട്.

4. കേപ്പിന് നിലവിലുള്ള അദ്ധ്യാപകരുടെ യോഗ്യത ഉയർത്തുന്നതിനായി 2012-14 അദ്ധ്യയന വർഷത്തിൽ 12 പേരെയും 2013-2015 അദ്ധ്യയന വർഷത്തിൽ 17 പേരെയും 2014-2016 അദ്ധ്യയന വർഷത്തേയ്ക്ക് 17 പേരെയും 2015-2017 അദ്ധ്യയന വർഷത്തേക്ക് 17 പേരെയും QIP മുഖേന M.Tech-ന് 2012-2015 അദ്ധ്യയന വർഷത്തേയ്ക്ക് ഒരാളേയും 2013-2016 അദ്ധ്യയന വർഷത്തേയ്ക്ക് 3 പേരെയും 2014-2017 അദ്ധ്യയന വർഷത്തേക്ക് 3 പേരെയും QIP മുഖേന അടിസ്ഥാന ശമ്പളവും ഗ്രേഡ് പേയും നൽകി Ph.D-യ്ക്ക് വിടുന്നതിന് അനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly

5. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാരിൽനിന്നും കേപ്പിന്റെ തനത് ഫണ്ടിൽനിന്നും മറ്റ് സ്രോതസ്സുകളിൽനിന്നും ലഭിച്ച ധനസഹായം ഉപയോഗിച്ചു കൊണ്ട് എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ ഹോസ്റ്റലുകൾ, ഓഡിറ്റോറിയം മുതലായവ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

6. കേപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾക്ക് NBA അക്രഡിറ്റേഷൻ നേടുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതി

27(*207) ശ്രീ. പി. ബി. അബ്ദുൽ റസാക് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്തതുകൊണ്ട് ക്ഷേമപദ്ധതി നടത്തിപ്പിലെ പാളിച്ചകൾ യഥാസമയം കണ്ടെത്തുന്നതിലും നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച സംഭവിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പട്ടികവർഗ്ഗക്കാർക്കിടയിൽ റേഷൻ കാർഡില്ലാത്ത കുടുംബങ്ങളുള്ളപ്പോൾ അവരെ ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളാക്കാൻ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗമെന്താണെന്ന് വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യുന്നത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly